**കേരള ജലസേചന വകുപ്പ്**
**പദ്ധതി വിഭാഗം**
**പുനർ ലേല പരസ്യം**

നമ്പർ പി ഐ പി /cgnr/s7/auction/2017-18 തീയതി- 10/08/2020

കേരള ഗവർണ്ണർക്ക് വേണ്ടി അസ്സിസ്റ്റന്റ് എഞ്ചിനീയർ, പമ്പാ ജലസേചന പദ്ധതി സെക്ഷൻ നമ്പർ 7, ഇരവിപേരൂർ, പത്തനംതിട്ട സോഷ്യൽ ഫോറസ്റ്റ് ഡിവിഷൻ, അസ്സിസ്റ്റന്റ് കൺസർവേറ്ററുടെ നമ്പർ SFP A2-1566/19 തീയതി 22.11.2019 ലെ ഉത്തരവ് പ്രകാരം ഈ ആഫീസിന്റെ പരിധിയിലുള്ളതും താഴെ പറയുന്ന സ്ഥലത്ത് കുറ്റൂർ പി. ഐ .പി കനാൽ ചെയിനേജ് 5100 m സമീപം ഒടിഞ്ഞു വീണ വാക മരം, ജലസേചന വകുപ്പിലെ എല്ലാ ലേല നിബന്ധനകളും അനുസരിച്ച് 2020 ഓഗസ്റ്റ് മാസം 20 -ാം തീയതി വ്യാഴാഴ്ച രാവിലെ പരസ്യമായി പുനർ ലേലം ചെയ്തു കൊടുക്കുന്നതാണ്. ലേലം വിളി ആരംഭിക്കുന്നതിന് 1 മണിക്കൂർ മുൻപ് വരെ തപാൽ മുഖേനയും ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നിരതദ്രവ്യം സഹിതം അസ്സിസ്റ്റന്റ് എഞ്ചിനീയർ, പി.ഐ.പി, സെക്ഷൻ നമ്പർ 7, ഇരവിപേരൂർ ലഭിക്കത്തക്ക വിധം സ്റ്റേറ്റ് ബാങ്കിൽ നിന്നും നിരതദ്രവ്യത്തിനുള്ള ഡി.ഡി അടക്കം ചെയ്ത് മുദ്ര വച്ച് ടി ഓഫീസർക്ക് മേൽ വിലാസം എഴുതിയ കവർ 2020 ഓഗസ്റ്റ് മാസം 20 -ാം തീയതി വ്യാഴാഴ്ച രാവിലെ രാവിലെ 10.30 മണിയ്ക്ക് മുൻപായി ലഭിക്കേണ്ടതാണ്. ലേലത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ ഈ ആഫീസിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

| ക്രമ നമ്പർ | ലേലം നടത്തുന്ന സ്ഥലം | മരങ്ങൾ നിൽക്കുന്ന സ്ഥലം | ഇനം | നിരതദ്രവ്യം | സമയം |
|---|---|---|---|---|---|
| 1 | കുറ്റൂർ പി ഐ പി കനാൽ ചെയിനേജ 5100 m ന സമീപം | കുറ്റൂർ പി ഐ പി കനാൽ ചെയിനേജ 5100 m ന സമീപം | വാക | 150/- | |

## നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിന് മുൻപായി ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കി അതിന്റെ പകർപ്പ് നൽകുകയും ലേല സ്ഥലത്ത് ഹാജരായി മുകളിൽ പറയുന്ന നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ് .

2. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേർക്ക് ജലസേചന വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

3 ലേലം കൊള്ളുന്ന ആൾ ലേലത്തുകയും 5% വന വികസന നികുതിയും ചെങ്ങന്നൂർ ട്രഷറിയിലും കൂടാതെ 18% ജി.എസ്.റ്റി യും 1% പ്രളയ സെസ്സും ഈ കാര്യാലയത്തിന്റെ ജി. എസ്. റ്റി ഹെഡ്ഡിൽ ബാങ്കിലും അടക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തിയാൽ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും, നഷ്ടോത്തരവാദത്തിൽ വീണ്ടും ലേലം നടത്തുന്നതും തന്മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം വീഴ്ച വരുത്തിയ ആളിൽ നിന്നും ഈടാക്കുന്നതാണ്.

4. ലേലം സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ഉള്ള അധികാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5. ലേലം സ്ഥിരപ്പെടുത്തുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഉത്തരവ് കിട്ടി 7 ദിവസത്തിനകം മരങ്ങൾ മുറിച്ച് മാറ്റം ചെയ്യേണ്ടതാണ്.

ASSISTANT ENGINEER
PUMBA IRRIGATION PROJ
SECTION 7
ERAVIPEROOR

അസിസ്റ്റന്റ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കുവേണ്ടി)

പകർപ്പ്

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പമ്പ ജലസേചന പദ്ധതി ഡിവിഷൻ, ചെങ്ങന്നൂർ
2. വില്ലേജ് ആഫീസ്, കറ്റൂർ
3. പഞ്ചായത്ത് ആഫീസ്, കറ്റൂർ
4. ലേല മരത്തിനു സമീപം
5. പി.ഐ.പി സബ് ഡിവിഷൻ നോട്ടീസ് ബോർഡ്
6. പി.ഐ.പി സെക്ഷൻ നോട്ടീസ് ബോർഡ്
7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.പി സബ് ഡിവിഷൻ, ചെങ്ങന്നൂർ
8. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.പി സബ് ഡിവിഷൻ, കോഴഞ്ചേരി
9. അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഐ.പി സെക്ഷൻ നം.7
10. ഐ.റ്റി സെൽ, തിരുവനന്തപുരം .